**പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ**
**ഇന്ത്യാ ഗവൺമെൻ്റ്**
**തിരുവനന്തപുരം**
****

**അന്തരിച്ച മുൻ രാഷ്ട്രപതി ശ്രീ കെ ആർ നാരായണന്റെ പ്രതിമ തിരുവനന്തപുരത്ത് അനാച്ഛാദനം ചെയ്ത ചടങ്ങിൽ രാഷ്ട്രപതി ശ്രീമതി ദ്രൗപദി മുർമു നടത്തിയ അഭിസംബോധന**

1. ഇന്ത്യയുടെ മുൻ രാഷ്ട്രപതി ശ്രീ കെ ആർ നാരായണനു ശ്രദ്ധാഞ്ജലിയർപ്പിക്കാൻ ഇന്നു നിങ്ങൾക്കൊപ്പം ഇവിടെ സന്നിഹിതയാകാൻ കഴിഞ്ഞതിൽ എനിക്ക് അതീവ സന്തോഷമുണ്ട്. ശ്രീ നാരായണൻ പ്രമുഖ രാഷ്ട്രതന്ത്രജ്ഞനും നയതന്ത്രജ്ഞനും പണ്ഡിതനുമായിരുന്നു. അന്തരിച്ച ശ്രീ കെ ആർ നാരായണന്റെ പ്രതിമ ഇന്നു രാജ്ഭവനിൽ അനാച്ഛാദനംചെയ്യാൻ കഴിഞ്ഞത്, ബഹുമതിയായി ഞാൻ കണക്കാക്കുകയാണ്. മുൻ രാഷ്ട്രപതി ശ്രീ രാം നാഥ് കോവിന്ദ്ജിയോടു നന്ദി പറയാനും ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം മുൻകൈയെടുത്താണ് ഈ ഉദ്യമത്തിനു തുടക്കംകുറിച്ചത്. സമത്വം, സമഗ്രത, പൊതുജനസേവനം എന്നീ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിൽ അദ്ദേഹത്തിന്റെ പരിശ്രമം ഏവർക്കും പ്രചോദനമാകുമെന്ന് എനിക്കുറപ്പുണ്ട്.

2. അന്തരിച്ച ശ്രീ കെ ആർ നാരായണന്റെ ജീവിതം ധൈര്യത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും ആത്മവിശ്വാസത്തിന്റെയും കഥയാണ്. അങ്ങേയറ്റം അർപ്പണബോധത്തോടെയും വിദ്യാഭ്യാസത്തിന്റെ കരുത്തിലൂടെയും അദ്ദേഹം നമ്മുടെ രാജ്യത്തിന്റെ പരമോന്നത ഭരണഘടനാപദവിയിൽ എത്തിച്ചേർന്നു. ലക്ഷ്യബോധത്താൽ നയിക്കപ്പെടുമ്പോൾ ദൃഢനിശ്ചയത്തിനും അവസരത്തിനും എന്തെല്ലാം നേടാൻ കഴിയും എന്നതിന്റെ പ്രതീകമായിരുന്നു അദ്ദേഹത്തിന്റെ അക്കാദമിക മികവ്.

3. രാഷ്ട്രീയത്തിൽ പ്രവേശിക്കുന്നതിനു മുമ്പ്, ശ്രീ കെ ആർ നാരായണൻ ഇന്ത്യയുടെ വിദേശകാര്യസേവനത്തിൽ വിശിഷ്ടമായ ജീവിതപന്ഥാവു കെട്ടിപ്പടുത്തു. ശ്രീ നാരായണൻ ഇന്ത്യയുടെ സമാധാനം, നീതി, സഹകരണം എന്നീ മൂല്യങ്ങളെ അങ്ങേയറ്റം ആത്മാർഥതയോടെ ഉയർത്തിപ്പിടിച്ചു. നയതന്ത്രജീവിതത്തിനുശേഷം, അദ്ദേഹം പാർലമെന്റിലേക്കു തെരഞ്ഞെടുക്കപ്പെടുകയും തുടർന്ന്, കേന്ദ്രമന്ത്രിയായി സേവനമനുഷ്ഠിക്കുകയും ചെയ്തു. നീതിബോധത്തിന്റെയും ഏവരെയും ഉൾച്ചേർക്കുന്നതിന്റെയും തത്വങ്ങളിൽ അദ്ദേഹം എല്ലായ്പോഴും ഉറച്ചുനിന്നു.

4. ശ്രീ നാരായണൻ ഇന്ത്യയുടെ ഉപരാഷ്ട്രപതിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇന്ത്യയുടെ രാഷ്ട്രപതിയായതോടെ അദ്ദേഹത്തിന്റെ യാത്ര അതിന്റെ ഔന്നത്യത്തിലെത്തി. രാഷ്ട്രതന്ത്രജ്ഞൻ എന്ന നിലയിലുള്ള അനുഭവം മാത്രമല്ല,

വ്യക്തിത്വത്തിലെ ജ്ഞാനവും വിനയവും കൂടി അദ്ദേഹം രാഷ്ട്രപതിഭവനിലേക്കു കൊണ്ടുവന്നു.

5. ശ്രീ നാരായണൻ തന്റെ ജന്മദേശമായ കേരളവുമായുള്ള ബന്ധത്തിൽ ആഴത്തിൽ വേരൂന്നിയ വ്യക്തിയായിരുന്നു. നാടിന്റെ സാമൂഹ്യപുരോഗതിയിൽനിന്നും, വിദ്യാഭ്യാസത്തിനും ഉൾച്ചേർക്കലിനും നൽകിയ ഊന്നലിൽ നിന്നും അദ്ദേഹം പ്രചോദനം ഉൾക്കൊണ്ടു. പരമോന്നത പദവിയിലെത്തിയതിനുശേഷവും, ശ്രീ നാരായണൻ തന്റെ വേരുകളുമായുള്ള ബന്ധം നിലനിർത്തിയിരുന്നു. ജീവിതത്തിലുടനീളം, മനുഷ്യരുടെയും രാഷ്ട്രത്തിന്റെയും വികസനത്തിൽ വിദ്യാഭ്യാസത്തിന്റെ പങ്കിന്, ശ്രീ നാരായണൻ ഊന്നൽ നൽകി. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസം ചുരുക്കം ചിലർക്കു മാത്രമുള്ള പ്രത്യേക അവകാശമായിരുന്നില്ല; മറിച്ച്, ഏവരുടെയും അവകാശമായിരുന്നു. നാഗരികതയുടെ വളർച്ചയ്ക്കു മാനുഷികമൂല്യങ്ങൾ അനിവാര്യമാണെന്നും സമൂഹത്തിന്റെ വികസനത്തിന് അവ അടിസ്ഥാനപരമാണെന്നും ശ്രീ നാരായണൻ വിശ്വസിച്ചു.

6. നമ്മുടെ രാജ്യം 'വികസിത ഭാരതം' എന്ന ലക്ഷ്യത്തിലേക്കു കുതിക്കുന്ന ഈ വേളയിൽ, എല്ലാ പൗരന്മാർക്കും, പ്രത്യേകിച്ച് അങ്ങേയറ്റം ദുർബലരും പാർശ്വവൽക്കൃതരുമായവർക്ക്, അവരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ തുല്യമായ അവസരങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

7. ശ്രീ കെ ആർ നാരായണൻ നമുക്കായി അവശേഷിപ്പിച്ചത് നൈതികത, സമഗ്രത, അനുകമ്പ, ജനാധിപത്യമനോഭാവം എന്നിവയുടെ സമ്പന്നമായ പാരമ്പര്യമാണ്. ഇന്നു നാം അദ്ദേഹത്തെ ഓർക്കുമ്പോൾ, ഏവരെയും കൂടുതൽ ഉൾക്കൊള്ളുന്നതും നീതിയുക്തവും അനുകമ്പാപൂർണവുമായ ഇന്ത്യ കെട്ടിപ്പടുക്കുന്നതിനായി, രാഷ്ട്രനിർമ്മാണത്തിനുവേണ്ടി സമർപ്പിച്ച അദ്ദേഹത്തിന്റെ ജീവിതത്തിൽനിന്നു നമുക്കു പ്രചോദനം ഉൾക്കൊള്ളാം.

നന്ദി!
ജയ് ഹിന്ദ്!
ജയ് ഭാരത്!

*****